**തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്**

**സംഗ്രഹം**

**കൊല്ലവർഷം 1197 എം.ഇ - ശബരിമല ദേവസ്വം മണ്ഡലം -മകരവിളക്ക് മഹോൽസവം - വിവിധ വഴിപാട് സാധനങ്ങളുടെ സപ്ലൈയുമായി ബന്ധപ്പെട്ട് ഉണ്ണിയപ്പം (സ്റ്റീം) ഉൽപാദനത്തിന് ടെൻഡർ നൽകിയ ശ്രീ. കിഷോറിന്റെ ടെൻഡർ നിരസിച്ച സംഗതി സംബന്ധിച്ച്.**

---

നടപടി ഉത്തരവ് നമ്പർ ആർ.ഒ.സി.890/2021/ശബ തിരുവനന്തപുരം, തീയതി: 03.10.2021

---

പരാമർശം:- 1. ദേവസ്വം കമ്മീഷണറുടെ 20.09.2021-ലെ ആർ.ഒ.സി. 40/2021/ശബ നമ്പർ റിപ്പോർട്ട്.

2. 01.10.2021-ലെ മേൽ നമ്പർ ഉത്തരവ്.

3. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് ആന്റ് സെക്യൂരിറ്റി)യുടെ 30.09.2021ലെ ഡിപി. 128/21/റ്റി.ഡി.ബി/വിജി നമ്പർ റിപ്പോർട്ട്.

കൊല്ലവർഷം 1197-ലെ മണ്ഡലം -മകരവിളക്ക് മഹോൽസവത്തോട് അനുബന്ധിച്ച് വിവിധ വഴിപാട് സാധനങ്ങളുടെ സപ്ലൈയുമായി ബന്ധപ്പെട്ട ടെൻഡർ ക്ഷണിച്ചതിൽ ഉണ്ണിയപ്പം (സ്റ്റീം) കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ. പ്രദീപ്, സരസ്വതി ഭവൻ, കാച്ചാണി എന്ന ആൾ നിരതദ്രവ്യം ഹാജരാക്കിയിട്ടില്ലായെന്നും ആയത് ലേലനിബന്ധനകൾക്ക് വിരുദ്ധമായതിനാൽ ടിയാന്റെ ടെൻഡർ പരിഗണിക്കേണ്ടതില്ലായെന്നും ടി ഇനത്തിൽ രണ്ടാമതായി കുറവ് നിരക്ക് ക്വാട്ട് ചെയ്തിട്ടുള്ള ശ്രീ. കിഷോർ, ചെറിയകൊണ്ണി, തിരുവനന്തപുരം എന്ന വ്യക്തിയെ ബോർഡ് തലത്തിൽ നെഗോസിയേറ്റ് ചെയ്യണമെന്നും ആവശ്യപ്പെട്ട് ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭ്യമായി (പരാമർശം 1). തുടർന്ന് 03.10.2021-ൽ നെഗോസിയേഷനിൽ പങ്കെടുക്കുന്നതിലേയ്ക്ക് ശ്രീ. കിഷോർ, ചെറിയകൊണ്ണി, തിരുവനന്തപുരം എന്ന വ്യക്തിയ്ക്ക് അറിയിപ്പ് നൽകുവാൻ ദേവസ്വം കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്നു (പരാമർശം 2).

എന്നാൽ ശ്രീ. കിഷോറിനെതിരെ സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് ആന്റ് സെക്യൂരിറ്റി) അന്വേഷണ റിപ്പോർട്ട് ബോർഡ് മുൻപാകെ ഹാജരാക്കിയിട്ടുള്ളതാണ് (പരാമർശം 3).

പ്രസ്തുത അന്വേഷണ റിപ്പോർട്ട് ബോർഡ് വിശദമായി പരിശോധിച്ചു. ടിയാനെതിരെ ബഹുമാനപ്പെട്ട നെടുമങ്ങാട് ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ CC 750/2014 നമ്പരിൽ ഒരു ക്രിമിനൽ കേസ് നിലവിലുള്ളതായി

സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് ആന്റ് സെക്യൂരിററി) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലേലങ്ങൾ സംബന്ധിച്ച സ്പെഷ്യൽ നിബന്ധനയിലെ 15-ാം ഖണ്ഡികയിൽ ഇത്തരം ജോലികൾ ഏറ്റെടുക്കുന്ന കരാറുകാരനും ജോലികൾക്കായി നിയോഗിക്കപ്പെടുന്നവരും ക്രിമിനൽ കേസിൽ ഉൾപ്പെട്ടിട്ടില്ല എന്ന പ്രാദേശിക പോലീസ് സ്റ്റേഷനിലെ സബ്ഇൻസ്പെക്ടറുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കററ് കരാറുകാരൻ ഹാജരാക്കണമെന്ന് വ്യവസ്ഥയുണ്ട്. ടി സാഹചര്യത്തിൽ ശ്രീ.കിഷോറിനെ നെഗോസിയേററ് ചെയ്യുന്നതിന് ലേല നിബന്ധനകൾ പ്രകാരം കഴിയുകയില്ല. ആകയാൽ ശ്രീ. കിഷോർ, ചെറിയകൊണ്ണി, തിരുവനന്തപുരം എന്ന വ്യക്തിയുടെ ടെൻഡർ നിരസിക്കുന്നതിന് തീരുമാനിക്കുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിന് വേണ്ടി,

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1) ദേവസ്വം കമ്മീഷണർ
2) സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് ആന്റ് സെക്യൂരിററി)
3) പേഴ്സണൽ സെക്രട്ടറി to പ്രസിഡന്റ്
4) പേഴ്സണൽ സെക്രട്ടറി to മെമ്പർ-1
5) പേഴ്സണൽ സെക്രട്ടറി to മെമ്പർ-2
6) എക്സിക്യൂട്ടീവ് ആഫീസർ, ശബരിമല
7) ഇ.ഡി.പി. സെക്ഷൻ
8) മിനിറ്റ്സ് സെക്ഷൻ
9) സെക്ഷൻ ഫയൽ
10) ഫെയർ ഓഫീസ് കോപ്പി
11) ഫയൽ ബുക്ക്

അംഗീകാരത്തോടെ,

അസിസ്റ്റന്റ് സെക്രട്ടറി
ശബരിമല സെൽ